വൈദ്യുതി കൺട്രോൾ റൂമുകളുടെ പ്രവർത്തനം

10(*39) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. കെ. അജിത് :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കൺട്രോൾ റൂമുകളുടെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി തകരാർ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ട്രബിൾ കാൾ മാനേജ്മെന്റ് സിസ്റ്റം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കൺട്രോൾ റൂമുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. എന്നാൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളുടെ പ്രവർത്തനം പ്രസ്തുത നഗരങ്ങളിൽ ഇപ്പോൾ പൂർത്തിയായി വരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന ആവിഷ്കരണ പദ്ധതി (RAPDRP) യുടെ ഭാഗമായി സജ്ജമാകുന്ന കംപ്യൂട്ടർ അധിഷ്ഠിത സംവിധാനം പ്രവർത്തനക്ഷമമാകുന്നത് വരെ തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല. മോഡൽ സെക്ഷൻ സമ്പ്രദായം നടപ്പിലാക്കിയതിനാൽ ട്രബിൾ കാൾ മാനേജ്മെന്റ് സിസ്റ്റം ആവശ്യമില്ല.

(ഡി) നിലവാരമുള്ളതും കാര്യക്ഷമവുമായ വൈദ്യുതി വിതരണ സംവിധാനം ഉറപ്പാക്കുന്നതിനുവേണ്ടി സബ്സ്റ്റേഷനുകളുടെയും ഇലക്ട്രിക്കൽ സെക്ഷനുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൺട്രോൾ റൂമുകൾ നിർവ്വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly